"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 23.09.2020- ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 4.21 നമ്പർ തീരുമാനം - പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ പല അക്കൗണ്ടുകളിലായി സൂക്ഷിച്ചിട്ടുള്ള വിവിധ ഭവന പദ്ധതികൾക്കായി ലഭിച്ച തുകയിൽ നിന്നും ₹1,05,70,000/- പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ ലൈഫ് മിഷൻ ഭവന സമുച്ചയത്തിന്റെ നിർമ്മാണത്തിന് ഉപയോഗിക്കാൻ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ഡി.) വകുപ്പ്**

**സ.ഉ.(സാധാ) നം.2101/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/11/2020

---

പരാമർശം:- 1 പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 03.09.2020-ലെ കത്ത്

2 പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.09.2020 ലെ കത്ത്

3. 23.09.2020- ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 4.21 നമ്പർ തീരുമാനം.

**ഉത്തരവ്**

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ പല അക്കൗണ്ടുകളിലായി വിവിധ ഭവന പദ്ധതിക്കായി ലഭിച്ച 1.50 കോടി രൂപ ബാധ്യതയില്ലാതെ സൂക്ഷിച്ചിട്ടുണ്ടെന്നും PMAY ഭവന പദ്ധതിക്കായി ഈ വർഷം ആവശ്യമായി വരുന്നത് 44,30,000/- രൂപയാണ് എന്നും ബാക്കിയുള്ള 1,05,70,000/- രൂപ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ ലൈഫ് മിഷൻ ഭവന സമുച്ചയത്തിന്റെ നിർമ്മാണത്തിന് ഉപയോഗിക്കാൻ അനുമതി നല്കണമെന്ന പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ പരാമർശം (1) പ്രകാരമുള്ള അപേക്ഷ 23.09.2020-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിക്കുകയും പരാമർശം (3) പ്രകാരം അനുമതി നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ പല അക്കൗണ്ടുകളിലായി സൂക്ഷിച്ചിട്ടുള്ള വിവിധ ഭവന പദ്ധതികൾക്കായി ലഭിച്ച 1.50 കോടി രൂപയിൽനിന്നും PMAY ഭവന പദ്ധതിക്കായി ഈ വർഷം ആവശ്യമായി വരുന്ന ₹44,30,000/- മാറ്റി ബാക്കിയുള്ള ₹1,05,70,000/- (ഒരു കോടി അഞ്ച് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ ലൈഫ് മിഷൻ ഭവന സമുച്ചയത്തിന്റെ നിർമ്മാണത്തിന് ഉപയോഗിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASREE P N

**അണ്ടർ സെക്രട്ടറി**

പകർപ്പ് : ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രസിഡന്റ്/സെക്രട്ടറി, പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട് - 679 303

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (ഐ.&പി.ആർ.ഡി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.(ഡി.എ) വകുപ്പ്
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.01.09 10:49:07 IST
Reason: Approved
സെക്ഷൻ ഓഫീസർ